


# അക്കാദമിക മാസ്റ്റർ പ്ലാൻ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ എൽ പി സ്കൂൾ സൗത്ത് മഴുവന്നൂർ<br>സൗത്ത് മഴുവന്നൂർ (പി. ഓ).<br>എറണാകുളം.<br>പിൻകോഡ്- 686669 |
| ഫോൺ നമ്പർ | : 04842769760 |
| സ്കൂൾ കോഡ് | : 25620 |
| UDICE കോഡ് | : 32080500607 |
| വിദ്യാഭ്യാസ ഉപജില്ല | : കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി ആർ സി | : കോലഞ്ചേരി |
| സി ആർ സി | : വലമ്പൂർ |
| ഗ്രാമപഞ്ചായത്ത് | : മഴുവന്നൂർ വാർഡ് XV |
| ബ്ലോക്ക് പഞ്ചായത്ത് | : വടവുകോട് |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാമണ്ഡലം | : കുന്നത്തുനാട് |
| ലോകസഭാമണ്ഡലം | : ചാലക്കുടി |
| താലൂക്ക് | : കുന്നത്തുനാട് |
| വില്ലേജ് | : മഴുവന്നൂർ സൗത്ത് |
| ഇ മെയിൽ | : lpsmazhuvannoor@gmail.com |

# ആമുഖം

എറണാകുളം ജില്ലയിൽ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ 15-10 വാർഡിന്റെ തെക്കുഭാഗത്തായി സൗത്ത് മഴുവന്നൂർ ഗവ.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നു. 1912 ൽ മടപ്പറമ്പിൽ ശ്രീ പൈലി തരകൻ അവർകളുടെ സുമനസിൽ സർക്കാരിലേക്ക് വിട്ടുകൊടുത്ത 50 സെൻറ് സ്ഥലത്താണ് ആദ്യമായി ഈ മലയാളം പ്രൈമറി സ്കൂൾ ആരംഭിച്ചത്. അന്ന് കെട്ടിമേഞ്ഞുണ്ടാക്കിയ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്.

1960-65 കാലഘട്ടത്തിലാണ് കെട്ടിമേഞ്ഞിരുന്ന കെട്ടിടം പൊളിച്ചു ബലപ്പെടുത്തി ഇന്ന് നാം കാണുന്ന ഈ രണ്ടു കെട്ടിടങ്ങളും നിർമിച്ചിരിക്കുന്നത് ഈ സ്കൂളിലെ ആദ്യകാല അധ്യാപകരിൽ പ്രമുഖർ ചാണ്ടി സാർ, പണിക്കർ സാർ, സാവിത്രി വാരസ്യാർ തുടങ്ങിയവരാണ്.

ജനങ്ങളിൽ വായനാശീലം വളർത്തുക എന്ന ഉദ്ദേശത്തോടെ ശ്രീ വാസുദേവൻ നായർ സാർ ഈ സ്കൂൾ മുറിയിൽ ആരംഭിച്ച ഒരു റൂറൽ പബ്ലിക് ലൈബ്രറി ആണ് നമ്മുടെ ഇന്നത്തെ മഴുവന്നൂർ പബ്ലിക് ലൈബ്രറിയായി വളർന്നിരിക്കുന്നത്.

ഈ ഗ്രാമപഞ്ചായത്തിൽ ധാരാളം പാടങ്ങളും കൃഷിയിടങ്ങളും ഉള്ളതിനാൽ ജനസാന്ദ്രത കുറവാണ് കൂടാതെ തൊട്ടടുത്ത് മറ്റൊരു ഗവ.എൽ.പി സ്കൂൾ കൂടിയുള്ളതു കുട്ടികൾ കുറയാൻ ഇടയാകുന്നു.

മഴുവന്നൂരിന്റെ കുരുന്നുകൾക്ക് ആദ്യാക്ഷരം പകർന്നുകൊണ്ട് ഒരു ശതാബ്ദകാലമായി പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിൽ ഇപ്പോൾ K.G മുതൽ 4 വരെ ക്ലാസുകൾ പ്രവർത്തിച്ചു വരുന്നു. സമീപപ്രദേശങ്ങളിലെ പഠിതാക്കൾ ജാതിമതഭേദമില്ലാതെ ഇവിടെ പഠിച്ചു വരുന്നു.

അധ്യാപകരുടെ എണ്ണം

| എച്ച്.എം | എൽ.പി.എസ്.എ. | പ്രീപ്രൈമറി ടീച്ചർ | പ്രീപ്രൈമറി ആയ | പി.ടി.സി.എം |
|---|---|---|---|---|
| 1 | 3 | 1 | 1 | 1 |

അധ്യാപകരുടെ തസ്തിക.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക PTCM | 3 വർഷത്തിൽ കൂടുതൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി വിഭാഗം | 4 | 4 | 1 | 2 |

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ ശേഖരണം

| വിഭാഗം | നിലവിലുള്ളത് |
|---|---|
| കംമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | 1 |
| ടി.വി | 1 |
| ലാപ്ടോപ്പ് | 5 |
| ഇ മെയിൽ ഐ.ഡി | ഉണ്ട് |
| പ്രൊജക്ടർ | 5 |
| ഇന്റർനെറ്റ് കണക്ഷൻ / K-phone | ഉണ്ട് |

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം

## നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് |
| --- | --- |
| സ്കൂൾ വാഹനം | ഉണ്ട് |
| കിഡ്സ് പാർക്ക് | ഉണ്ട് |
| പ്രധാന അധ്യാപക മുറി | ഉണ്ട് |
| അടുക്കള | ഉണ്ട് |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | ഉണ്ട് |
| സുരക്ഷിതത്വവുമുള്ള കുടിവെള്ള സൗകര്യം | ഉണ്ട് |

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും അടിസ്ഥാന ഭാഷാശേഷിയുള്ളവരാക്കി മാറ്റുക.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക.
- പഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ശ്രദ്ധ നൽകുക.
- സ്കൂളും പരിസരവും ലഹരിവിരുദ്ധവും പ്ലാസ്റ്റിക് വിമുക്തവും ആക്കുക.

# അക്കാദമികം

- എസ്. ആർ. ജി
- സ്കൂൾ അസംബ്ലി
- ദിനാചരണങ്ങൾ
- ലെയാത്തുത്തിരുത്തം
- ഉല്ലാസ ഗണിതം
- വായനാ മൂല.
- എഴുത്ത്പെട്ടി
- പതിപ്പുകൾ
- കൈയെഴുത്തുമാസിക, വായനക്കുറിപ്പ്
- വാർത്താ ബോർഡ്
- വായനാ ശാക്തീകരണം
- ക്വിസ് പരിപാടികൾ
- മേളകൾ
- ക്ലബ് പ്രവർത്തനം
- ICT സാധ്യത പ്രയോജനപ്പെടുത്തൽ
- നിർമ്മാണ പ്രവർത്തനങ്ങൾ - പരിശീലനം
- കായിക പരിശീലനം
- യോഗ പരിശീലനം, ഡാൻസ് പരിശീലനം
- ഹലോ ഇംഗ്ലീഷ്
- കലയിൽ പ്രത്യേക പരിശീലനം
- സ്കോളർഷിപ്പ് പരീക്ഷകൾ
- ഭാഷാ വികസനത്തിന് വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തൽ.
- ദിനപത്രം, ബാലമാസികൾ ഉപയോഗപ്പെടുത്തൽ
- പഠനയാത്ര.

# വാർഷിക കലണ്ടർ (അക്കാദമികം)

## സ്കൂൾ അസംബ്ലി

ആശയം: ഓരോ ക്ലാസ്സുകാരും വിവിധ വിജ്ഞാന പരിപാടികളോടെ അസംബ്ലി നടത്തുന്നു.

ഉദ്ദേശ്യങ്ങൾ: കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, വിജ്ഞാനം വർദ്ധിപ്പിക്കുക, സംഘടനാ ശേഷി വർദ്ധിപ്പിക്കുക, ആളുകളെ അഭിമുഖീകരിക്കാനുള്ള കഴിവ് നേടുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂൾ തല അസംബ്ലി | ഓരോ ക്ലാസ്സിലെയും കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു. ഓരോ മാസത്തെയും പ്രവർത്തനങ്ങൾ ഗ്രൂപ്പ് നിശ്ചയിക്കുന്നു. അവരുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുന്നു. | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ |

# ദിനാചരണങ്ങൾ

ആമുഖം: പരിസ്ഥിതിദിനം, വായനാദിനം, ലഹരി വിരുദ്ധ ദിനം, ബഷീർ ദിനം, ചാന്ദ്രദിനം, സ്വാതന്ത്ര്യ ദിനം, ഓണം, ഗാന്ധിജയന്തി, ശിശുദിനം, ക്രിസ്തുമസ് റിപ്പബ്ലിക് ദിനം തുടങ്ങിയ വിവിധ ദിനങ്ങൾ സ്കൂളിൽ ആഘോഷിക്കുന്നു.

പ്രവർത്തനങ്ങൾ: അതാതു ദിനങ്ങളോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക, വാർത്തകൾ ശേഖരിക്കുക ക്വിസ് പരിപാടികൾ നടത്തുക, റാലി നടത്തുക പതിപ്പ് തയ്യാറാക്കുക, പോസ്റ്റർ നിർമ്മിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഓരോ മാസത്തെയും ദിനാചരണങ്ങൾ ഉൾക്കൊള്ളിച്ച് കലണ്ടർ തയ്യാറാക്കുക. | SRG യിൽ തീരുമാനമെടുക്കുന്നു. ഓരോ ക്ലാസുകാർക്കും ക്ലബുകാർക്കും ചുമതല നൽകുന്നു. | ജൂൺ<br>മാർച്ച് | SRG കൺവീനർ<br>ക്ലബ് കൺവീനർ<br>ക്ലാസ് അധ്യാപകർ |

# മലയാളത്തിളക്കം

ഉദ്ദേശ്യം : എല്ലാ കുട്ടികളെയും സ്വതന്ത്രവായനയ്ക്കും എഴുത്തിനും പ്രാപ്തരാക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| മലയാളത്തിളക്കം<br>സചിത്രപാഠം (Activity Book)<br>സംയുക്ത ഡയറി<br>സർഗാത്മക പ്രവർത്തനങ്ങൾ<br>റീഡേഴ്സ് തിയേറ്റർ | അധ്യാപകരുടെ നേതൃത്വത്തിൽ<br>വർക്ക്ഷീറ്റ് നൽകൽ<br>ICT സാധ്യതകൾ<br>ഗ്രൂപ്പ് പ്രവർത്തനം<br>വ്യക്തിഗത പ്രവർത്തനം | ജൂൺ<br>മാർച്ച് | ക്ലാസ്സ് അധ്യാപകർ |

# ഉല്ലാസഗണിതം

ഉദ്ദേശ്യം : ഗണിതപഠനം പ്രത്യേക പരിശീലനം നൽകി മെച്ചപ്പെടുത്തുന്നു.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ഉല്ലാസഗണിതം<br>പഠനോപകരണ നിർമ്മാണ ശില്പശാല | പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തൽ<br>ചതുഷ്ക്രിയകൾ, സംഖ്യാബോധം, ഐ.സി.ടി സാധ്യതകൾ. | ജൂൺ<br>മാർച്ച് | ക്ലാസ് അധ്യാപകർ |

## വായനാമൂല / എഴുത്തുപെട്ടി

ആമുഖം : വായനാശീലം വളർത്തുക

ഉദ്ദേശം : എല്ലാ കുട്ടികളെയും സ്വന്തം രചനക്ക് പ്രാപ്തരാക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| വായനാമൂല | ഓരോ ക്ലാസിലും വായനാമൂല തയ്യാറാക്കൽ | June | ക്ലാസ് ടീച്ചർ |
| എഴുത്തുപെട്ടി | വായനാമൂല/ ക്ലാസ് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി എഴുത്തുപെട്ടിയിൽ നിക്ഷേപിക്കുന്നു, സ്കൂൾ അസംബ്ലിയിൽ എഴുത്തുപെട്ടിയിൽ നിന്നുള്ള ആസ്വാദനക്കുറിപ്പുകൾ വായിക്കൽ. | മാർച്ച് | ക്ലാസ് ടീച്ചർ |

# വാർത്താ ബോർഡ്

ആമുഖം : സർഗശേഷി വർധിപ്പിക്കുക, വായനാ ശീലം പ്രോത്സാഹിപ്പിക്കുക.

ഉദ്ദേശ്യങ്ങൾ : പത്രവായന പ്രോത്സാഹിപ്പിക്കുക
ഭാഷാശൈലിയുടെ പുരോഗതി

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| വാർത്താ ബോർഡ് തയ്യാറാക്കൽ | ഓരോ ആഴ്ചയിലും ക്ലാസിലെ, സ്കൂളിലെ ചുറ്റുവട്ടത്തെ, ദിനപത്രങ്ങളിലെ വിവരങ്ങൾ കുട്ടികളുടെ കലാസൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി സ്കൂളിൽ വാർത്താ ബോർഡ് തയ്യാറാക്കൽ | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ. |

# ക്വിസ് പ്രോഗ്രാം

ഉദ്ദേശ്യങ്ങൾ : അറിവ് വർദ്ധിപ്പിക്കുക, പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ക്വിസ് പ്രോഗ്രാം | ദിനാചരണങ്ങളോടനുബന്ധിച്ച് സമകാലീന സംഭവങ്ങളും പൊതു വിജ്ഞാനവും ഉൾപ്പെടുത്തി ക്വിസ് നടത്തുന്നു. | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ<br>ക്ലബ് കൺവീനർ |

# മേളകൾ

ആമുഖം:

കുട്ടികളുടെ സർഗശേഷിയും ശാസ്ത്രാഭിരുചിയും വളർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ മത്സരപരിശീലനം

ഉദ്ദേശ്യങ്ങൾ: വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും സമ്മാനം വാങ്ങുന്നതിനും പ്രാപ്തരാക്കൽ.

| പ്രവർത്തനം | പ്രവർത്തനരീതി | കാലയളവ് | ചുമതല |
|---|---|---|---|
| കല, ശാസ്ത്ര പ്രവൃത്തിപരിചയ മേളകൾ ഗണിതമേള കായികമേള വിദ്യാരംഗം | SRG യിൽ ചർച്ച ചെയ്ത് സ്കൂൾതല മേളകൾ നടത്തുന്നതിനുള്ള മത്സരം സംഘടിപ്പിക്കൽ സ്കൂൾതല ശാസ്ത്ര പ്രദർശനങ്ങൾ പരീക്ഷണങ്ങൾ, ചാർട്ടുകൾ, സ്കൂൾതലമത്സരത്തിൽ നിന്നു കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി മത്സരത്തിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു. | ജൂൺ, ജൂലൈ ഓഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ സബ്ജില്ലാ മത്സരസമയം വരെ | കൺവീനർ കലാമേള ശാസ്ത്ര ക്ലബ്ബ് |

# ക്ലബ്ബ് പ്രവർത്തനം

ഉദ്ദേശ്യങ്ങൾ : പഠനത്തോടൊപ്പം കാലികമായ അറിവ് നേടുക , സംഘാടക ശേഷി വർദ്ധിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| വിവിധ ക്ലബ്ബുകളുടെ രൂപീകരണം. സയൻസ് ക്ലബ്ബ് , ഗണിത ക്ലബ്ബ് , ഹെൽത്ത് ക്ലബ്ബ് പരിസ്ഥിതി ക്ലബ്ബ് ഹരിത ക്ലബ്ബ് | അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. | ജൂൺ<br>മാർച്ച് | ക്ലബ്ബിന്റെ ചുമതലയുള്ള അധ്യാപകർ |

# ഭാഷാശേഷി വികസനം

ഉദ്ദേശ്യങ്ങൾ : ചിഹ്നങ്ങളും അക്ഷരങ്ങളും ഉറപ്പിച്ച് ഭാഷാശേഷി വികസിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| ആവശ്യമായ വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | വർക്ക്ഷീറ്റിലെ പ്രവർത്തനങ്ങൾ അവസരോചിതമായി ചെയ്യുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ |